RCS/626/2026-MT(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ,
തിരുവനന്തപുരം-14.
ഫോൺ 0471-2330825
Email: keralarcs.coop@kerala.gov.in
Website: www.cooperation.kerala.gov.in
തീയതി : 10.04.2026

## സർക്കുലർ നമ്പർ : 15/2026

**വിഷയം:** സഹകരണ വകുപ്പ് - സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ജെ.ഡി.സി കോഴ്സിനായി ഫീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**സൂചന:** 13.03.2026 ലെ കേരള കോ- ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യുക്കേഷൻ ഫണ്ട് സ്കീം ഉന്നതതല യോഗതീരുമാനം.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്ന് ജൂനിയർ ഡിപ്ലോമ ഇൻ കോ- ഓപ്പറേഷൻ (JDC) കോഴ്സ് വിജയകരമായി പൂർത്തിയാക്കുമ്പോൾ കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ ഇളവു നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ കേരള ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് 13.03.2026ൽ ചേർന്ന പ്രൊഫഷണൽ എഡ്യുക്കേഷൻ ഫണ്ട് സ്കീം പ്രകാരമുള്ള ഉന്നതതല യോഗം തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് സ്കീം 2021- ലെ ഖണ്ഡിക 5, ക്ലോസ് (iv), ഖണ്ഡിക 9, സെക്ഷൻ D എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**യോഗ്യതാ മാനദണ്ഡങ്ങൾ**

1. ഇതിലെ ഗുണഭോക്താക്കൾ സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ആയിരിക്കണം.
2. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്നുള്ള ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (JDC) കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.
3. ഓരോ വർഷവും മുൻഗണനാക്രമം അനുസരിച്ച് ആദ്യം ലഭിക്കുന്ന 400 അപേക്ഷകർക്ക് മാത്രമായിരിക്കും ഈ ആനുകൂല്യം ലഭിക്കുക.

**ആനുകൂല്യത്തിന്റെ സ്വഭാവം**

കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ ഇളവ്/ഗ്രാന്റായി തുക അനുവദിക്കും.

**അപേക്ഷാ രീതി**

നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ (നാല് പകർപ്പുകൾ) സഹകരണ സംഘം രജിസ്ട്രാർക്ക് സഹകരണ യൂണിയൻ സമർപ്പിക്കണം
(മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്).

**ആവശ്യമായ രേഖകൾ**

(i) സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥ(യ)നാണെന്ന് തെളിയിക്കുന്ന രേഖ
(ii) സ്കീമിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന സത്യവാങ്മൂലം

**(ഒപ്പ്)**
**ഡോ. ഡി. സജിത്ത് ബാബു ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്:**

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും, ജോയിന്റ് രജിസ്ട്രാർമാർക്കും, ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
4. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ലോ ആഫീസർ, ഫിനാൻസ് ആഫീസർ
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
9. സ്റ്റോക്ക് ഫയൽ
10. സഹകരണ വീഥി
11. വെബ് സൈറ്റ്
12. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
13. സ്പെയർ

//ആജ്ഞാനുസരണം//

**അസ്സിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി)**

## അപേക്ഷാ ഫോറം- മാതൃക

സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് സ്കീമിന് കീഴിലുള്ള സാമ്പത്തിക സഹായത്തിനായി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ സമർപ്പിക്കേണ്ട അപേക്ഷ.

### ഫീസ് ആനുകൂല്യത്തിന് അർഹരായവരുടെ വിശദ വിവരങ്ങൾ

| നമ്പർ | ഉദ്യോഗസ്ഥ(ന്റെ)യുടെ പേര് | സംഘത്തിന്റെ പേരും രജിസ്ട്രേഷൻ നമ്പറും | അർഹതപ്പെട്ട തുക | റിമാർക്ക്സ് |
|---|---|---|---|---|
| | | | | |
| | | | | |

തീയതി : ------------ ഒപ്പ് :------------

(പ്രസിഡന്റ്/ സെക്രട്ടറി/
അധികാരപ്പെടുത്തിയഉദ്യോഗസ്ഥൻ)
സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ